"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ്-തീരമാവേലി പദ്ധതി പ്രകാരം തീരമൈത്രി സൂപ്പർമാർക്കറ്റുകൾക്ക് മാവേലി ഇനത്തിൽപ്പെട്ട ആവശ്യവസ്തുക്കൾ സബ് സിഡി നിരക്കിൽ നൽകിയ വകയിൽ 01.01.2023 മുതൽ 30.06.2023 വരെ സാഫ് സപ്ലൈകോയ്ക്ക് നൽകുവാനുള്ള കുടിശ്ശിക തുക അനുവദിക്കുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ്-പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ(സി)വകുപ്പ്**

സ.ഉ.(കൈ) നം.4/2024/F&P തീയതി,തിരുവനന്തപുരം, 25-02-2024

---

പരാമർശം:- 1. സ.ഉ(സാധാ)നം.733/2023/മതുവ തീയതി 17.09.2023

2. ഫിഷറീസ് ഡയറക്ടറുടെ 03.10.2023, 08.11.2023 എന്നീ തീയതികളിലെ DFTVM/2663/2020-N2 നമ്പർ കത്ത്

**ഉത്തരവ്**

തീരമൈത്രി സൂപ്പർ മാർക്കറ്റുകൾക്ക് മാവേലി ഇനത്തിൽപ്പെട്ട അവശ്യവസ്തുക്കൾ സബ്സിഡി നിരക്കിൽ നൽകിയ വകയിൽ 2022 ഏപ്രിൽ മുതൽ 2022 ഡിസംബർ മാസം വരെ സാഫ് സപ്ലൈകോയ്ക്ക് നൽകുവാനുള്ള കുടിശ്ശികയായ 18,23,014/- രൂപ, തുകയുടെ കൃത്യത ഫിഷറീസ് ഡയറക്ടർ ഉറപ്പുവരുത്തണമെന്ന വ്യവസ്ഥയിൽ സപ്ലൈകോയ്ക്ക് അനുവദിയ്ക്കുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

തീരമൈത്രി സൂപ്പർ മാർക്കറ്റുകൾക്ക് മാവേലി ഇനത്തിൽപ്പെട്ട അവശ്യവസ്തുക്കൾ സബ്സിഡി നിരക്കിൽ നൽകിയ വകയിൽ 01.01.2023 മുതൽ 30.06.2023 വരെ സാഫ് സപ്ലൈകോയ്ക്ക് നൽകുവാനുള്ള കുടിശ്ശിക തുകയായ 14,67,507.80 രൂപ അനുവദിക്കുന്നതിന് അനുമതി നൽകണമെന്ന് ഫിഷറീസ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.തീരമൈത്രി സൂപ്പർ മാർക്കറ്റുകൾക്ക് മാവേലി ഇനത്തിൽപ്പെട്ട അവശ്യവസ്തുക്കൾ സബ്സിഡി നിരക്കിൽ നൽകിയ വകയിൽ 01.01.2023 മുതൽ 30.06.2023 വരെ സാഫ് സപ്ലൈകോയ്ക്ക് നൽകുവാനുള്ള കുടിശ്ശിക തുകയായ 14,67,507.80 രൂപ ടി തുകയുടെ കൃത്യത ഫിഷറീസ് ഡയറക്ടർ ഉറപ്പുവരുത്തണമെന്ന വ്യവസ്ഥയിൽ

സപ്ലൈകോയ്ക്ക് അനുവദിക്കുന്നതിനുള്ള അനുമതി ഫിഷറീസ് ഡയറക്ടർക്ക് നൽകി ഉത്തരവാകുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SIVADAS B**

അണ്ടർ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്),കേരളം,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ),കേരളം,തിരുവനന്തപുരം

ധനകാര്യ വകുപ്പ് (2305673/WCD-2/99/2022-FIN dated 15/2/2024 )

വിവരപൊതുജനസമ്പർക്കവകുപ്പ്,വെബ്&ന്യൂമീഡിയവകുപ്പ്,തിരുവനന്തപുരം

(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാൻ വേണ്ടി)

സ്റ്റോക്ക് ഫയൽ/ഓഫിസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sabitha Sadasivan
Date: 26-02-2024 10:38:26
Reason: Approved

സെക്ഷൻ ഓഫീസർ